# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചോക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം 26/2267/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 18/03/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചോക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം 26/2267/2021 തീയ്യതി: 18/03/2022

## മലപ്പുറം ജില്ലയിലെ ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-01-2020 മുതൽ 19-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഉണ്ണിപൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 20-12-2021 | 30-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-12-2021 | 30-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ.അബ്ദുൽ ജലീൽ ടി.പി - ഓഡിറ്റ് ഓഫീസർ.(ഹ.ഗ്രേ)
2. ശ്രീ.മുഹമ്മദ് സലീം.ടി - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ശ്രീ.രാമകൃഷ്ണൻ.ടി - സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീ.അമീൻ ഫൈസൽ.ടി.ടി - സീനിയർ ഗ്രേഡ് ഓഡിറ്റർ
5. ശ്രീ.റഷീദ്.വി - സീനിയർ ഗ്രേഡ് ഓഡിറ്റർ
6. ശ്രീമതി.സുജാത.എം - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.നസീമ | പ്രസിഡന്റ് | 01-04-2020 | 25-12-2020 |
| ശ്രീ. ഷൗക്കത്തലി. | പ്രസിഡന്റ് | 26-12-2020 | 31-03-2021 |
| ശ്രീമതി.സൂര്യകുമാരി.എസ് | സെക്രട്ടറി | 01-04-2020 | 30-06-2020 |
| ശ്രീമതി.ജയശ്രീ.സി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-07-2020 | 05-07-2020 |
| ശ്രീ.രാഘവൻ.പി.പി | സെക്രട്ടറി | 06-07-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ടോമി ജോസഫ് | അസി. സെക്രട്ടറി | 01-04-2020 | 15-06-2020 |
| ശ്രീമതി.ജയശ്രീ.സി.കെ | അസി. സെക്രട്ടറി | 16-06-2020 | 31-01-2021 |
| ശ്രീമതി.രാജശ്രീ.വി | അസി. സെക്രട്ടറി | 01-02-2021 | 31-03-2021 |
| ഡോ.മുനീർ. എം | മെഡിക്കൽ ഓഫീസർ ( FHC) | 01-04-2020 | 31-03-2021 |
| ഡോ.ഷമി.പി | മെഡിക്കൽ ഓഫീസർ ( ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.ഗീത.വി | മെഡിക്കൽ ഓഫീസർ ( GAD) | 01-04-2020 | 31-03-2021 |
| ശ്രീമതി.ഫാസില | കൃഷി ഓഫീസർ | 01-04-2020 | 23-02-2021 |
| ശ്രീ.സമീർ.വി.എം | കൃഷി ഓഫീസർ | 24-02-2021 | 24-02-2021 |
| ശ്രീമതി.എബിത ജോസഫ് | കൃഷി ഓഫീസർ | 25-02-2021 | 31-03-2021 |
| ഡോ.ജംഷീർ.പി | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ. ജയപ്രകാശ്.കെ.വി | വി ഇ ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി.ലൈല.ടി.ബി | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീമതി.താജുന്നീസ ബീവി | അസി. എഞ്ചിനീയർ | 01-04-2020 | 27-11-2020 |
| ശ്രീമതി.ഹസീന.എൻ.കെ | അസി. എഞ്ചിനീയർ | 28-11-2020 | 21-12-2020 |
| ശ്രീമതി.ആര്യ.ആർ | അസി. എഞ്ചിനീയർ | 28-12-2020 | 28-02-2021 |
| ശ്രീമതി.അജിത | അസി. എഞ്ചിനീയർ | 01-03-2021 | 31-03-2021 |
| ശ്രീമതി.ദിവ്യ.ജി.എൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 01-06-2020 |

| | | | |
|---|---|---|---|
| ശ്രാമതി.സജിത.ടി.വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 02-06-2020 | 31-03-2021 |
| ശ്രീമതി.ആര്യ.ആർ | അസി. എഞ്ചിനീയർ | 22-12-2020 | 28-02-2021 |
| ശ്രീമതി. ഉമൈസ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |

--

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujatha M (Auditor, On 30-12-2021)<br>Last Updated By: Sujatha M (Auditor, On 30-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Sujatha M (Auditor, On 30-12-2021)<br>Last Updated By: Sujatha M (Auditor, On 30-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം.<br>Written By: Sujatha M (Auditor, On 30-12-2021)<br>Last Updated By: Sujatha M (Auditor, On 30-12-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം)<br>Written By: Ramakrishnan.T (Senior Grade Auditor, On 30-12-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 30-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: Ramakrishnan.T (Senior Grade Auditor, On 30-12-2021)<br>Last Updated By: Unni.P (Deputy Director, On 22-02-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ramakrishnan.T (Senior Grade Auditor, On 30-12-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 30-12-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 30-12-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 30-12-2021) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ.<br>Written By: Sujatha M (Auditor, On 31-12-2021)<br>Last Updated By: Sujatha M (Auditor, On 31-12-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Muhammed Saleem T (Asst. Audit Officer, On 30-12-2021)<br>Last Updated By: Muhammed Saleem T (Asst. Audit Officer, On 30-12-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.<br>Written By: Sujatha M (Auditor, On 31-12-2021)<br>Last Updated By: Sujatha M (Auditor, On 31-12-2021) | 1-10 |
| 11 | വാർഷികകണക്ക് പരിശോധന – അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 30-12-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 30-12-2021) | 1-11 |
| 12 | ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം<br>Written By: Ramakrishnan.T (Senior Grade Auditor, On 31-12-2021)<br>Last Updated By: Unni.P (Deputy Director, On 22-02-2022) | 1-11-1 |
| 13 | ജി.എസ്.ടി യുടെ TDS ഈടാക്കിയില്ല.<br>Written By: Rasheed V (Senior Grade Auditor, On 30-12-2021)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 01-01-2022) | 1-12 |
| 14 | പാലിന് സബ്സിഡി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.<br>Written By: Rasheed V (Senior Grade Auditor, On 30-12-2021)<br>Last Updated By: Unni.P (Deputy Director, On 22-02-2022) | 1-13 |
| 15 | ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമല്ല.<br>Written By: Ramakrishnan.T (Senior Grade Auditor, On 31-12-2021)<br>Last Updated By: Unni.P (Deputy Director, On 22-02-2022) | 1-14 |
| 16 | അഗതിരഹിത കേരളം പദ്ധതിയുടെ പുരോഗതി ആശാവഹമല്ല.<br>Written By: Muhammed Saleem T (Asst. Audit Officer, On 30-12-2021)<br>Last Updated By: Unni.P (Deputy Director, On 22-02-2022) | 1-15 |
| 17 | ഇ ടെണ്ടറിൽ ടെണ്ടർ ഫീ- ലഭ്യമാക്കിയില്ല.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 31-12-2021)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 01-01-2022) | 1-16 |

| | | |
|---|---|---|
| 18 | കളക്ഷൻ ചാർജ്ജ് ഈടാക്കേണ്ടതാണ്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 31-12-2021)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 01-01-2022) | 1-17 |
| 19 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-സംബന്ധിച്ച്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 31-12-2021)<br>Last Updated By: Unni.P (Deputy Director, On 22-02-2022) | 1-18 |
| 20 | ഇ ടെണ്ടർ പ്രവൃത്തികൾ- ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 01-01-2022)<br>Last Updated By: Unni.P (Deputy Director, On 22-02-2022) | 1-19 |
| 21 | എസ്.സി കോളനി ഭവന സുരക്ഷ- പ്രൊജക്ട് മാർഗ്ഗരേഖക്ക് വിരുദ്ധം<br>Written By: Ameen Faisal.T.T (Senior Grade Auditor, On 01-01-2022)<br>Last Updated By: Unni.P (Deputy Director, On 22-02-2022) | 1-20 |
| 22 | ഓഡിറ്റ് പരാമർശം- 50996/- രൂപ തിരിച്ചടവാക്കി.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 31-12-2021)<br>Last Updated By: Unni.P (Deputy Director, On 22-02-2022) | 1-21 |
| 23 | കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന് ഫൈൻ ഈടാക്കിയില്ല.നഷ്ടം 92227 രൂപ<br>Written By: Ameen Faisal.T.T (Senior Grade Auditor, On 31-12-2021)<br>Last Updated By: Unni.P (Deputy Director, On 22-02-2022) | 1-22 |
| 24 | ഒബ്സേർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത- 34050/- രൂപയുടെ അധികച്ചെലവ്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 31-12-2021)<br>Last Updated By: Unni.P (Deputy Director, On 22-02-2022) | 1-23 |
| 25 | റിടെൻഷൻ തുക രണ്ട് തവണ കരാറുകാരന് നൽകി; 23751 രൂപയുടെ അധികച്ചെലവ്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 31-12-2021)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 01-01-2022) | 1-24 |
| 26 | ഉദരംപൊയിൽ സ്കൂൾ മേൽക്കര പുനരുദ്ധാരണം- തെറ്റായ നിരക്ക് നൽകിയത് മൂലം 22288/- രൂപയുടെ അധിക ചെലവ്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 01-01-2022)<br>Last Updated By: Unni.P (Deputy Director, On 22-02-2022) | 1-25 |
| 27 | ക്ലാരിപൊയിൽ സ്കൂൾ മതിൽ നിർമാണം- തെറ്റായ മൂല്യ നിർണ്ണയം മൂലം 27534/- രൂപയുടെ അധിക ചെലവ്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 01-01-2022)<br>Last Updated By: Unni.P (Deputy Director, On 22-02-2022) | 1-26 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഒബ്സേർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത- 34050/- രൂപയുടെ അധികച്ചെലവ്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 31-12-2021)<br>Last Updated By: Unni.P (Deputy Director, On 22-02-2022) | 3-1 |
| 2 | റിടെൻഷൻ തുക രണ്ട് തവണ കരാറുകാരന് നൽകി; 23751 രൂപയുടെ അധികച്ചെലവ്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 31-12-2021)<br>Last Updated By: Unni.P (Deputy Director, On 22-02-2022) | 3-2 |
| 3 | ഉദരംപൊയിൽ സ്കൂൾ മേൽക്കര പുനരുദ്ധാരണം- തെറ്റായ നിരക്ക് നൽകിയത് മൂലം 22288/- രൂപയുടെ അധിക ചെലവ്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 01-01-2022)<br>Last Updated By: Unni.P (Deputy Director, On 22-02-2022) | 3-3 |

| | | |
|---|---|---|
| 4 | ക്ലാരിപൊയിൽ സ്കൂൾ മതിൽ നിർമാണം- തെറ്റായ മൂല്യ നിർണ്ണയം മൂലം 27535/- രൂപയുടെ അധിക ചെലവ്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 01-01-2022)<br>Last Updated By: Unni.P (Deputy Director, On 22-02-2022) | 3-4 |
| ഭാഗം 4 | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Sujatha M (Auditor, On 30-12-2021)<br>Last Updated By: Sujatha M (Auditor, On 30-12-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Sujatha M (Auditor, On 30-12-2021)<br>Last Updated By: Sujatha M (Auditor, On 30-12-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Sujatha M (Auditor, On 30-12-2021)<br>Last Updated By: Sujatha M (Auditor, On 30-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.<br>Written By: Sujatha M (Auditor, On 30-12-2021)<br>Last Updated By: Sujatha M (Auditor, On 30-12-2021) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്.<br>Written By: Sujatha M (Auditor, On 30-12-2021)<br>Last Updated By: Sujatha M (Auditor, On 30-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ.<br>Written By: Sujatha M (Auditor, On 30-12-2021)<br>Last Updated By: Sujatha M (Auditor, On 30-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Sujatha M (Auditor, On 30-12-2021)<br>Last Updated By: Sujatha M (Auditor, On 30-12-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Sujatha M (Auditor, On 30-12-2021)<br>Last Updated By: Sujatha M (Auditor, On 30-12-2021) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Sujatha M (Auditor, On 30-12-2021)<br>Last Updated By: Sujatha M (Auditor, On 30-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sujatha M (Auditor, On 02-01-2022)<br>Last Updated By: Unni.P (Deputy Director, On 22-02-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.<br>Written By: Sujatha M (Auditor, On 30-12-2021)<br>Last Updated By: Sujatha M (Auditor, On 30-12-2021) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1) - 26.03.2020 | --- |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2021 | 17.06.2021 | --- | ----- |

## 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 26914007.40 |
| വരവ് | 90549380.00 |
| ആകെ | 117463387.40 |
| ചെലവ് | 90943366.00 |
| നീക്കിയിരിപ്പ് | 26520021.40 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,75,54,667 | 1,75,54,667 | 1,69,19,582 | 6,35,085 |
| വികസനഫണ്ട് എസ്.സി.പി. | 0 | 70,79,791 | 70,79,791 | 68,40,894 | 2,38,897 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 15,82,222 | 15,82,222 | 13,63,145 | 2,19,077 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 63,37,000 | 63,37,000 | 62,69,963 | 67,037 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 56,51,257 | 56,51,257 | 44,96,550 | 11,54,707 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(യുണൈറ്റഡ് ബേസിക്) | 0 | 1,29,04,901 | 1,29,04,901 | 1,16,52,930 | 12,51,971 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(റൈഡ്) | 0 | 78,80,000 | 78,80,000 | 23,09,798 | 55,70,202 |
| ബി ഫണ്ട് | 0 | 6,39,68,060 | 6,39,68,060 | 6,39,68,060 | 0 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 297 | 10,39,33,986 | 211 | 6,42,43,958 | 2 | 84 | 71 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 5,43,421.5 | 10,84,079 | 16,27,500.50 | 15,35,874 | 91,626.50 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 2,11,66,418 | 2,11,66,418 | 2,11,66,418 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2160 | 3 |
| കർഷകതൊഴിലാളി പെൻഷൻ | 1643000 | 118 |
| വിധവാപെൻഷൻ | 23602900 | 1530 |
| വാർദ്ധക്യകാലപെൻഷൻ | 29880300 | 2137 |
| വികലാംഗപെൻഷൻ | 7482800 | 488 |
| വിവാഹധനസഹായം | 540000 | 18 |
| 50 വയസിനു മുകളിലുള്ള വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 816900 | 50 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.12.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 5,365/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.
2. 2.ഓഫീസിലെ എല്ലാ സെക്ഷനുകളും തൻപതിവേടുകൾ എഴുതുന്നില്ല. എഴുതുന്നവ അപൂർണവും, മേൽപരിശോധന നടത്തപ്പെടാത്തവയുമാണ്. സൂചിക വിതരണ രജിസ്റ്ററിൽ തിയ്യതി വച്ച് എല്ലാ സെക്ഷനുകളും ഒപ്പ് വയ്ക്കുന്നുമില്ല.

ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം ഓരോ പ്രോജക്ടുകളും നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറി പ്രൊജക്ടുകളുടെ നിർവ്വഹണം മോണിറ്റർ ചെയ്യണം. എന്നാൽ പ്രൊജക്ടുകൾ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.11.2021 | 01.09.2021 മുതൽ 31.10.2021 വരെ | 22.11.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.12.2013 മുതൽ 02.01.2014 വരെ | 2008 -2009 മുതൽ 2012-13 വരെ | 05.02.2014 |

## 1-11 വാർഷികകണക്ക് പരിശോധന – അപാകതകൾ

ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)വസ്തു നികുതി ഇനത്തിൽ താഴെ പറയും പ്രകാരം തുക വ്യത്യാസം

| വാർഷിക കണക്ക് പ്രകാരം തുക | രജിസ്റ്റർ പ്രകാരം തുക |
|---|---|
| ഡിമാന്റ് - 29,14,349<br>കളക്ഷൻ<br>അഡ്വാൻസ് - 5,73,836<br>തൻവർഷം - 26,22,302<br>ആകെ - 31,96,138 | ഡിമാന്റ് - 29,14,349<br>കളക്ഷൻ - 26,26,178 |
| ബാലൻസ് - 2,84,376 | ബാലൻസ് - 2,70,517 |

തുക വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

2)പ്രത്യേക എ സി ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B4- ൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

3)ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4) ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B4- പ്രകാരം ലോൺ ഇനത്തിൽ 1,86,03,702 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ലോൺ രജിസ്റ്ററിൽ ശരിയായി വിവരം ചേർത്തിട്ടില്ലാത്തതിനാൽ തുകയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

5)റീകൺസിലേഷൻ സ്റ്റേറ്റുമെൻറുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6)ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ B-18 ൽ Advance To Other Authorised Agencies ഇനത്തിൽ 30,400 രൂപ ബാലൻസ് ഉണ്ടെങ്കിലും വിവരം അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം .8/20-21/29.12.21)

## 1-11-1 ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം

ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പരിശോധിച്ചതിൽ വികസന ഫണ്ട് ജനറൽ ഇനത്തിൽ മൊത്തം ചെലവ് ACR പ്രകാരം 1,69,19,582 രൂപയും, ആയത് ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പ്രകാരം 1,92,64,582 രൂപയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 23,45,000 രൂപയുടെ വ്യത്യാസത്തിന് കാരണം വ്യക്തമല്ല

## 1-12 ജി.എസ്.ടി യുടെ TDS ഈടാക്കിയില്ല.

13.09.2018 ലെ 50/18 നോട്ടിഫിക്കേഷൻ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകളിൽ 2 ശതമാനം ജി.എസ്.ടി യുടെ TDS (1% CGST + 1% SGST) കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പോഷകാഹാര വിതരണത്തിനുള്ള വിവിധ പദ്ധതികൾ പ്രകാരമുള്ള വാങ്ങലുകളിൽ ജി.എസ്.ടി ഉൾപ്പെടെയുള്ള തുക അൽഅമീൻ ന്യൂട്രിമിക്സ് യൂണിറ്റ്, കല്ലാമൂലപാലം.പി.ഒ, മമ്പാട്ടുമൂല എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും TDS ഈടാക്കി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് | ബിൽ നമ്പർ/തിയ്യതി | ഇൻവോയിസ് നമ്പർ / തിയ്യതി | തുക |
|---|---|---|---|---|
| 1 | അങ്കണവാടി പോഷകാഹാര പരിപാടി [47/21] | ബിൽ നമ്പർ. 20151352029100282303 തി. 23.06.2020 | 04/02.05.2020 | 391089 |
| | | | 02/01.04.2020 | 214156 |
| | | | 06/04.06.2020 | 385318 |
| | | ബിൽ നമ്പർ. 20151352029100437417 തി. 18.08.2020 | 07/01.07.2020 | 232360 |
| | | ബിൽ നമ്പർ. 20151352029100558659 തി. 25.09.2020 | 09/01.08.2020 | 171236 |
| | | | 12/01.09.2020 | 264180 |
| | | ബിൽ നമ്പർ. 20151352029100734634 തി. 13.11.2020 | 16/03.10.2020 | 284714 |
| | | ചെക്ക്നമ്പർ. 2672766 തി. | 20/03.12.2020 | 286194 |

| | | | | |
|---|---|---|---|---|
| | | 17.03.2021 | 21/01.01.2021 | 303584 |
| | | ചെക്ക്നമ്പർ. 36955 തി. 20.11.2020 | 18/03.11.2020 | 292115 |
| 2 | അങ്കണവാടി പോഷകാഹാര പരിപാടി – പട്ടികവർഗ്ഗം [68/21] | ബിൽ നമ്പർ. 20151352029101328463 തി. 23.03.2021 | 25/05.02.2021 | 309320 |
| 3 | അങ്കണവാടി പോഷകാഹാര പരിപാടി – പട്ടികജാതി [48/21] | ചെക്ക് നമ്പർ.90411 തി. 06.01.2021 | 26/03.03.2021 | 326340 |
| ആകെ | | | | 3460606 |

അപാകതയ്ക്ക് കാരണം വിശദമാക്കേണ്ടതാണ്.

(എൻക്വയറി നമ്പർ. 9(2020-21)/29.12.2021 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-13 പാലിന് സബ്സിഡി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 178/21 |
| വിനിയോഗിച്ച തുക | 3,77,569/- രൂപ (വികസന ഫണ്ട്- ജനറൽ) |
| ബിൽ നമ്പർ / തീയതി | 20151352032601337773 / 24.03.2021 – 1,59,445/- രൂപ. |
| | 20151352032601324222 / 23.03.2021 – 9,381/- രൂപ. |
| | 20151352032601192615 / 05.03.2021 – 2,08,743/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

2020-21 സാമ്പത്തിക വർഷത്തിൽ പാലിന് സബ്സിഡിയായി 3,77,569/- രൂപ അനുവദിച്ചിട്ടുണ്ട്. സ.ഉ(കൈ) നം.22/2018/തസ്വഭവ നമ്പർ സബ്സിഡി മാർഗരേഖ പ്രകാരം, ക്ഷീരസംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 4 രൂപ തോതിൽ (ക്ഷീര വികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ) കണക്കാക്കി കർഷകന് സബ്സിഡി നൽകാവുന്നതാണ്. ചോക്കാട് ക്ഷീരോൽപ്പാദക സഹകരണ സംഘം, മാളിയേക്കൽ ക്ഷീരോൽപ്പാദക സഹകരണ സംഘം എന്നിവയിൽ പാലളക്കുന്ന ക്ഷീരകർഷകർക്കാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ചോക്കാട് ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിൽ സബ്സിഡി അനുവദിച്ചിട്ടുണ്ടെങ്കിലും മാളിയേക്കൽ ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിൽ മാത്രമാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. കൂടാതെ ചോക്കാട് ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ലിറ്ററിന് 4 രൂപ പ്രകാരവും ബാക്കിയുള്ള മാസങ്ങളിൽ 3 രൂപ പ്രകാരവും സബ്സിഡി നൽകിയപ്പോൾ മാളിയേക്കൽ ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ മാത്രമാണ് 4 രൂപ പ്രകാരം സബ്സിഡി അനുവദിച്ചിട്ടുള്ളത്. ഒരേ ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് വ്യത്യസ്തമായ രീതിയിൽ സബ്സിഡി നൽകിയതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

(എൻക്വയറി നമ്പർ.11(2020-21)/29.11.2021 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-14 ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

സംസ്ഥാനത്തിന്റെ രൂക്ഷമായ മാലിന്യപ്രശ്നത്തിന് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിന് 15.07.2017 -ലെ സ.ഉ(എംഎസ്)നം.2420/2017/തസ്വഭവ പ്രകാരം രൂപീകരിച്ച സംവിധാനമാണ് ഹരിത കർമ്മസേന. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ വികസന മിഷനുകളുടേയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും വിവിധ സ്വകാര്യ – സർക്കാർ ഏജൻസികളുടേയും സംയുക്താഭിമുഖ്യത്തിലും സഹായത്തോടെയുമാണ് ഹരിത കർമ്മ സേന പ്രവർത്തിക്കുന്നത്.

ഗ്രാമപഞ്ചായത്തിൽ 2020 ഒക്ടോബറിലാണ് ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചത്. 20-21 വർഷത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി താഴെ പറയും പ്രകാരം തുക വകയിരുത്തിയിട്ടുണ്ട്.

| വർഷം<br>2020-21 | വകയിരുത്തിയ<br>തുക | |
|---|---|---|
| പ്രോജക്റ്റ് നം. 317/20-വയബിലിറ്റി ഗ്യാപ്പ് ഫണ്ട് | പ്ലാൻ | 1,18,400 |
| ആകെ | | 1,18,400 |
| പ്രോജക്റ്റ് നം. 282/21<br>ഹരിതകർമ്മസേനക്ക് ശുചീകരണ ഉപകരണങ്ങൾ വാങ്ങൽ | പ്ലാൻ | 31,120 |
| | തനത് | 16,700 |
| ആകെ | | 47,820 |

ഹരിതകർമ്മസേനയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23-04-18 -ലെ 10394-D-2017/KSHOനമ്പർ ഉത്തരവ് പ്രകാരമാണ് ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. കുടുബശ്രീ അംഗങ്ങളിൽ നിന്ന് രൂപീകരിക്കുന്ന ഹരിത കർമ്മസേനയെ കൺസോർഷ്യമായും മൈക്രോസംരംഭ ഗ്രൂപ്പുകളായും തരം തിരിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപന പരിധിയിൽ ഹരിത സംരംഭങ്ങൾ രൂപീകരിക്കുന്ന ഒരു സംഘടനയാണ് ഹരിത കൺസോർഷ്യം. ഓരോ വാർഡുകളിലേയും വീടുകളുടേയും എണ്ണം അനുസരിച്ച് പരമാവധി 2 പേരെ നിയോഗിക്കേണ്ടതും ഇത്തരത്തിൽ 3 മുതൽ 5 വരെ വാർഡുകളിൽ നിന്നുള്ളവരെ ഉൾപ്പെടുത്തി മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതുമാണ്. ഓരോ സംരംഭക പ്രവർത്തന പരിധിയിലും 250 വീടുകളെങ്കിലും ഉണ്ടാകേണ്ടതുമാണ്. എന്നാൽ ഇത്തരം ഘടനാപരമായ സംവിധാനങ്ങളൊന്നുമില്ലാതയാണ് ഗ്രാമ പഞ്ചായത്തിൽ ഹരിതകർമ്മസേന രൂപീകരിച്ചിട്ടുള്ളത്.ഹരിതകർമ്മസേനയുടെ കണക്ക് പ്രകാരം താഴെ പറയും പ്രകാരം വീടുകൾ മാത്രമാണ് പ്രവർത്തന പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളത്.

| വാർഡ് നം. | വീടുകളുടെ എണ്ണം |
|---|---|
| 1 | 35 |
| 2 | 50 |
| 3 | 90 |
| 4 | 130 |
| 5 | 80 |
| 6 | 140 |
| 7 | 80 |
| 9 | 100 |
| 10 | 60 |
| 11 | 90 |
| 12 | 80 |
| 13 | 60 |
| 14 | 40 |
| 15 | 30 |
| 16 | 50 |
| 17 | 180 |
| 18 | 170 |
| ആകെ | 1465 |
| കടകൾ | 60 |

വസ്തുനികതി സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിൽ ഒട്ടാകെ 9531 വീടുകളും 1246 വാണിജ്യകെട്ടിടങ്ങളും നിലവിലുണ്ട്.ആയതിന്റെ 25% പോലും നിലവിൽ മാലിന്യസംസ്കരണ യജ്ഞത്തിൽ പങ്കാളികളായിട്ടില്ല എന്നു കാണുന്നു.ഇതുസംബന്ധിച്ച ബോധവൽക്കരണ പ്രവർത്തനങ്ങളുടെ അഭാവമാണ് ഇതുകാണിക്കുന്നത്.

മാലിന്യ ശേഖരണത്തിനുള്ള പ്രധാന വരുമാനം ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്ന യൂസർഫീയാണ്.

യൂസർഫീ ശേഖരിക്കുമ്പോൾ ഒരു കളക്ഷൻ ബുക്ക്, കളക്ഷൻ കാർഡ്, രസീത് ബുക്ക് എന്നിവ വേണം. കളക്ഷൻ ബുക്ക് ഹരിത കർമ്മസേനയും കളക്ഷൻ കാർഡ് വീടുകളിലും സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം കളക്ഷൻ കാർഡ് തയ്യാറാക്കി ഉപഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2020 ഒക്ടോബറിൽ പ്രവർത്തനം ആരംഭിച്ചുവെങ്കിലും 19.01.2021 നാണ് കളക്ഷൻ ആരംഭിച്ചിട്ടുള്ളത്.ഗ്രാമപഞ്ചായത്ത് രശീതി ബുക്കുകൾ അച്ചടിച്ച് ചാർജ്ജിംഗ് ഓഫീസറായ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർക്ക് നൽകുകയും, വി ഇ ഒ വിവരം സ്റ്റോക്കിൽ രേഖപ്പെടുത്തി ഹരിത കർമ്മസേന അംഗങ്ങൾക്ക് നൽകുകയുമാണ് ചെയ്തു വരുന്നത്.സ്റ്റോക്ക് രജിസ്റ്ററിൽ ബുക്കുകളുടെ നമ്പർ രേഖപ്പെടുത്താതെയാണ് ഇഷ്യൂചെയ്തിട്ടുള്ളത്. ഒറ്റതവണ 18 ബുക്കുകൾ ഇഷ്യൂ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.ബുക്കുകളുടെ നമ്പർ രേഖപ്പെടുത്താത്തതിനാലും, കളക്ഷനു ശേഷം തിരികെ ലഭ്യമാക്കുന്ന ബുക്കുകളിൽ നമ്പർ രേഖപ്പെടുത്തിയ ഭാഗം നഷ്ടപ്പെട്ടു പോയതിനാലും 2020-21 വർഷത്തിൽ ആകെ 1,37,550 രൂപ ഹരിതകർമ്മ സേനയുടെ കേരള ഗ്രാമീൺ ബാങ്കിലുള്ള അക്കൗണ്ട് നം. 40238101074808 ൽ അടവാക്കിയിട്ടുണ്ടെങ്കിലും, ആയതിന്റെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

ഇഷ്യൂ ചെയ്യുന്ന ഓരോ രശീതി ബുക്കും ബുക്കുകളിലെ പേജുകളുടെ എണ്ണം, ബുക്ക് നമ്പർ എന്നിവ ചാർജ്ജിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തി നൽകേണ്ടതും, ബുക്കുകളുടെ നമ്പർ, ഇഷ്യൂ ചെയ്യുന്ന തീയ്യതി, ആർക്ക് ഇഷ്യൂ ചെയ്യുന്നു തുടങ്ങിയ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

15.07.2017 ന് ഉത്തരവ് ഇറങ്ങിയെങ്കിലും ,2021 ജൂൺ 1 ന് മാത്രമാണ് അജൈവമാലിന്യങ്ങൾ കയറ്റി അയയ്ക്കുന്നതിനായി ക്ലീൻ കേരള കമ്പനിയുമായി ഉടമ്പടിയിൽ ഒപ്പുവെയ്ക്കുന്നത്.എം.സി.എഫിലേക്ക് എത്തിക്കുന്ന അജൈവ മാലിന്യങ്ങളുടെ തരം തിരിച്ചുള്ള അളവ് രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.വ പ്രകാരം മാലിന്യ ശേഖരണത്തിന് നിശ്ചിത വലുപ്പത്തിലുള്ള സഞ്ചി/ ചാക്ക് ഉണഭോക്താക്കൾക്ക് നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും പ്രോജക്റ്റ് തയ്യാറാക്കി ചാക്ക് സഞ്ചി വാങ്ങി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. വീടുകൾക്ക് 50 രൂപയും വ്യാപാര സ്ഥാപനങ്ങൾക്ക് 100 രൂപയുമാണ് യൂസർഫീയായി നിശ്ചയിച്ച് ഈടാക്കി വരുന്നത്.ഗ്രാമപഞ്ചായത്തിന്റെ 05.08.2020 ലെ 4/1 നം. തീരുമാനപ്രകാരം മമ്പാട്ടുമൂലയിൽ സ്ഥിതിചെയ്യുന്ന 150 M2 വിസ്തീർണ്ണമുള്ള ശ്രീ. ഉമ്മർ വാരിയം കുണ്ടിൽ ,പള്ളിപ്പടി, കൂരാട് എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് മെറ്റീരിയൽ കളക്ഷൻ സെന്റർ പ്രവർത്തിച്ചു വരുന്നത്.5000 രൂപ പ്രതിമാസ വാടകയാണ് കെട്ടിടത്തിന് ഗ്രാമപഞ്ചായത്ത് അസി. എഞ്ചിനീയറുടെ മൂല്യനിർണ്ണയപ്രകാരം ഗ്രാമപഞ്ചായത്ത് അനുവദിച്ചു വരുന്നത്. കെട്ടിടത്തിൽ സ്ഥലപരിമിതിയുള്ളത് ചാർജ് ഓഫീസർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

ഹരിത കൺസോർഷ്യത്തിന്റെ ഇടക്കാല ഓഡിറ്റും വാർഷിക ഓഡിറ്റും കാസ് മുഖേന നടത്തേണ്ടതാണെന്ന് കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23-04-18 -ലെ 10394-D-2017/KSHOനമ്പർ ഉത്തരവിൽ വ്യക്തമാക്കിയതാണെങ്കിലും ഇപ്രകാരം ഓഡിറ്റ് നടത്തിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം . 12/20-21/29.12.21 )

## 1-15 അഗതിരഹിത കേരളം പദ്ധതിയുടെ പുരോഗതി ആശാവഹമല്ല.

2018-19 മുതൽ 2020-21 കൂടിയ വർഷങ്ങളിലായി നടപ്പിലാക്കേണ്ട ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ അഗതിരഹിത കേരളം പ്രൊജക്റ്റിന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10.3.2019 ലെ KS/L/7292/18 ഉത്തരവ് പ്രകാരമാണ് അനുമതി ലഭ്യമായത്. ചലഞ്ച് ഫണ്ട് 3054000 രൂപയും വികസനഫണ്ട് 4687400 രൂപയും ഇതരഫണ്ടുകൾ 1479000 രൂപയുമടക്കം ആകെ 9220400 രൂപയാണ് അടങ്കൽ. 2018-19 മുതൽ 2020-21 ഉൾപ്പെടെ ഈ പ്രൊജക്റ്റിന്റെ നടത്തിപ്പിനു ലഭ്യമായ തുകയുടെയും ആയതിന്റെ വിനിയോഗത്തിന്റെയും സംക്ഷിപ്തം താഴെ ചേർക്കുന്നു.

| ലഭ്യമായ ഫണ്ട്. | |
|---|---|
| ആശ്രയയിലെ ബാലൻസ് ഉക (12.07.2019) | 3467558 |
| വികസനഫണ്ട്. 2019-20 | 200000 |
| ചലഞ്ച് ഫണ്ട് (2020-21 ൽ ലഭിച്ചത്) | 886656 |
| വികസനഫണ്ട് (2020-21) | 200000 |
| ബാങ്ക് അക്കൗണ്ടിൽ ലഭ്യമായ പലിശ | 164492 |
| ആകെ | 4918706 |

| പ്രൊജക്റ്റിൽ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ | | |
|---|---|---|
| ഇനം | വകയിരുത്തിയത് | ചെലവഴിച്ചത് |

| | | |
|---|---|---|
| ഭക്ഷണം | 2220000 | 1360700 |
| ചികിത്സ | 672000 | 00 |
| വിദ്യാഭ്യാസം | 162000 | 00 |
| വസ്ത്രം | 729000 | 00 |
| ഭൂമി വാങ്ങൽ | 750000 | 00 |
| കുടിവെള്ളം | 233400 | 00 |
| വീട് പുനരുദ്ധരണം | 4400000 | 00 |
| വൈദ്യുതി | 54000 | 00 |
| | 9220400 | |

പ്രൊജക്റ്റിന്റെ നിർവ്വഹണം വിലയിരുത്തുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ കണ്ടെത്താവുന്നതാണ്.

1. അഗതികളുടെ അതിജീവന ആവശ്യങ്ങളിൽ ഭക്ഷണത്തിനു വേണ്ടി മാത്രമാണ് പണം ചെലവഴിച്ചത്.

2. അഗതിരഹിത കേരളം അക്കൗണ്ടിൽ ഈ കാലയളവിൽ ആകെ ലഭ്യമായ 4918706 രൂപയുടെ 27.67 % മാത്രമാണ് ചെലവഴിച്ചത്.

3. അക്കൗണ്ടിൽ 31.03.2021 ൽ 3554383 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു.

4. വിലയിരുത്തൽ സമിതി യോഗം ചേരുകയോ, പ്രൊജക്റ്റ് മോണിറ്ററിംഗ് ചെയ്യുകയോ ചെയ്തിട്ടില്ല.

സമൂഹത്തിൽ ഏറ്റവും കൂടുതൽ അവശത അനുഭവിക്കുന്നവരുടെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് തയ്യാറാക്കിയ പ്രൊജക്റ്റും ആയതിനു ചെലവഴിക്കാൻ ആവശ്യമായ ഫണ്ടും ലഭ്യമായിരിക്കെ പദ്ധതിയുടെ പുരോഗതി ആശാവഹമല്ല. ആയതിനു പ്രത്യേക കാരണങ്ങൾ ഉണ്ടെങ്കിൽ വിശദമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 4/29.12.21 ന് ലഭ്യമാക്കിയ മറുപടിയിൽ വീട് പുനരുദ്ധാരണ നടപടികൾ തുടർന്ന് വരുന്നതായി അറിയിച്ചിട്ടുണ്ട്. അഗതിരഹിത കേരളം പദ്ധതി നടത്തിപ്പിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-16 ഇ ടെണ്ടറിൽ ടെണ്ടർ ഫീ- ലഭ്യമാക്കിയില്ല.

2020-21 വർഷത്തിൽ പഞ്ചായത്തിൽ ഇ ടെണ്ടർ മുഖേന പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. ഈ ടെണ്ടറുകളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക മലപ്പുറം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ആണ് സൂക്ഷിച്ചിട്ടുള്ളത്. മേൽതുകകൾ നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

ഇ ടെണ്ടറിൽ ടെണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നത് ഒഴിവാക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി 02.10.2017 ലെ GO(Rt) 3186/2017/ LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവുള്ളതാണ്. ഇത്തരത്തിൽ അക്കൗണ്ട് ആരംഭിച്ച് ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 കളക്ഷൻ ചാർജ്ജ് ഈടാക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കിവരുന്നുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനത്തിൽ അധികരിക്കാത്ത തുക കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്.

എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല. പഞ്ചായത്തിന് ലഭിക്കാൻ അർഹതയുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-സംബന്ധിച്ച്.

അസിസ്റ്റന്റ് എഞ്ചിനിയർ 2020-21 ൽനടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ പദ്ധതി രൂപീകരണം, പദ്ധതി നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1. പദ്ധതി രൂപീകരണം - സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിക്കുന്നില്ല.

പദ്ധതി രൂപീകരണ പ്രക്രിയയുടെ പ്രധാന ഭാഗമായ വർക്കിംഗ് ഗ്രൂപ്പ് ശരിയായി പ്രവർത്തിച്ചതായി കാണുന്നില്ല. മുൻ വർഷം നടപ്പാക്കിയ പ്രൊജക്ടുകൾ സംബന്ധിച്ച വിലയിരുത്തലോ, പുതുതായി നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച ചർച്ചകളോ നടന്നിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗത്തിന്റെ തീരുമാനങ്ങൾ മിനട്സിൽ അപൂർണ്ണമായാണ്

രേഖപ്പെടുത്തിയത്

2. പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല.

2020-21 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 191 പ്രൊജക്ടുകളാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 135 പ്രൊജക്ടുകളാണ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 191 | ആകെ അടങ്കൽ | 4.15 കോടി |
| നടപ്പിലാക്കിയത് | 135 | ചെലവ് | 2.87 കോടി |
| ശതമാനം | 71 | ചെലവ് ശതമാനം | 69 |

പകുതിയോളം പ്രൊജക്ടുകളും നിർവ്വഹണം നടത്താൻ കഴിയാത്തത് മൂലം സാമ്പത്തിക വർഷത്തിൽ ഉൽപ്പാദന, സേവന, പശ്ചാതല മേഖലയിലെ അടിസ്ഥാന സൌകര്യങ്ങൾക്ക് ഉപയോഗിക്കേണ്ട ഫണ്ട് നഷ്ടപ്പെട്ടിട്ടുണ്ട്. പദ്ധതികളുടെ എണ്ണക്കൂടുതൽ മൂലമാണ് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയം പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

3. റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്. റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. പഞ്ചായത്തിന്റെ പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

മേൽ പരാമർശിച്ച പ്രശ്നങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് ഭരണസമിതി, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ഇ ടെണ്ടർ പ്രവൃത്തികൾ- ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

2020-21 വർഷത്തെ ചെലവുകൾ പരിശോധിച്ചതിൽ ഇ ടെണ്ടർ നടത്തിയ പ്രൊജക്ടുകളുടെ ടെണ്ടർ താരതമ്യ പത്രിക ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരൻ ആരാണെന്ന് ഉറപ്പു വരുത്താനും, ചെലവിന്റെ കൃത്യത പരിശോധിക്കാനും സാധ്യമല്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തികൾ ഓഡിറ്റ് ചെയ്തിട്ടില്ല. ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര ന | പ്രൊജക്ട് | അടങ്കൽ/ ചെലവ് | ചെലവ് വിവരം |
|---|---|---|---|
| 1 | സ്കൂളിൽ കിണർ റീചാർജ് (214/21) | 536080/ 70103 | 6/20-21/ 15.04.2020 |
| 2 | മൃഗാശുപത്രി കെട്ടിട നിർമ്മാണം പൂർത്തീകരണം (300/21) | 1000000/ 999450 | 110/20-21/27.02.2021 |
| 3 | മാളിയേക്കൽ സ്കൂൾ ക്ലാസ് റൂ (306/21) | 895000/ 844554 | 113/20-21/17.03.2021 |

ഇ ടെണ്ടർ സൈറ്റിൽ നിന്ന് ലഭ്യമാകുന്ന ടെണ്ടർ താരതമ്യ പത്രിയും കരാർ കാർ ക്വാട്ട് ചെയ്ത ടെണ്ടർ ഷെഡ്യൂളും സഹിതം മുഴുവൻ ഫയലും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-20 എസ്.സി കോളനി ഭവന സുരക്ഷ- പ്രൊജക്ട് മാർഗ്ഗരേഖക്ക് വിരുദ്ധം

2020-21 വർഷത്തിൽ എസ്.സി കോളനി ഭവന സുരക്ഷ എന്ന പേരിൽ പഞ്ചായത്തിൽ 04 പ്രൊജക്ടുകൾ നടപ്പാക്കുന്നതിന് ആകെ 1062773 ചെലവഴിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികളുടെ സ്വകാര്യ ഭൂമിക്ക് ചുറ്റുമതിൽ / സംരക്ഷണ ഭിത്തി നിർമ്മിച്ച് നൽകുകയാണ് പ്രൊജക്ട് പ്രകാരം ചെയ്തിട്ടുള്ളത്. പൊതു ആസ്തികളുടെ സംരക്ഷണത്തിനല്ലാതെ സ്വകാര്യവ്യക്തികളുടെ ആസ്തി സംരക്ഷണമാണ് ഈ പ്രൊജക്ടുകളിലൂടെ നിർവഹിച്ചിട്ടുള്ളത്. പ്രൊജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു

| ക്ര. ന | പ്രൊജക്ട് | ചെലവ് |
|---|---|---|
| 1 | കിഴക്കേ എസ് സി കോളനി ഭവനസുരക്ഷ | 162729 |

| | | |
|---|---|---|
| 2 | ചെല്ലക്കൊടി എസ് സി കോളനി ഭവന സുരക്ഷ | 316286 |
| 3 | ഒറവംകുന്ന് എസ്.സി കോളനി ഭവന സുരക്ഷ | 399197 |
| 4 | ചേനപ്പാടി എസ് സി കോളനി ഭവന സുരക്ഷ | 184561 |

ഈ കാലയളവിലേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖ (GO(MS) 11/2018/ LSGD Dt 29.01.2018) പ്രകാരം ,പട്ടികജാതി ഉപപദ്ധതിയിൽ വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ട് പ്രയോജനം ലഭിക്കുന്ന പ്രൊജക്ടുകളും പട്ടികജാതിക്കാരുടെ പൊതു സൗകര്യ വികസനത്തിനുള്ള പ്രൊജക്ടുകളും ഏറ്റെടുക്കാവുന്നതാണ് എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ വ്യക്തികൾക്കും കുടുംബങ്ങൾക്കും നൽകാവുന്ന വ്യക്തിഗത ആനുകൂല്യങ്ങളും , നൽകാവുന്ന പരമാവധി തുകയും സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.( GO(MS) 22/2018/ LSGD Dt 14.02.2018 )

സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദിക്കപ്പെട്ട ഇനങ്ങൾക്ക് അനുവദിക്കപ്പെട്ട നിരക്കിന് വിധേയമായി മാത്രമെ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകാവൂ എന്നത് സർക്കാർ വ്യക്തമാക്കിയതാണ്. സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഇനത്തിന് ധനസഹായം നൽകണമെങ്കിൽ സർക്കാറിന്റെ പ്രത്യേക അനുമതി നേടേണ്ടതാണ് എന്നും ഈ ഉത്തരവിൽ വ്യക്തമാക്കിയതാണ്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികളുടെ സ്വകാര്യഭൂമിക്ക് ചുറ്റുമതിൽ / സംരക്ഷണ ഭിത്തി കെട്ടി നൽകുന്നതിന് സബ്സിഡി മാർഗ്ഗരേഖയിലോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റ് ഉത്തരവുകളിലോ സർക്കാർ അനുമതി നൽകിയിട്ടില്ല.

മേൽ പ്രൊജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി 13/30.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രൊജക്ടുകൾ രൂപീകരിക്കുന്നില്ലെന്നും, നടപ്പാക്കുന്നില്ലെന്നും ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പരാമർശം ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

സർക്കാർ അനുമതിയില്ലാതെ സ്വകാര്യ വ്യക്തികളുടെ ഭൂമിക്ക് ചുറ്റുമതിൽ / സംരക്ഷണ ഭിത്തി നിർമ്മിച്ച് നൽകുന്നതിനുള്ള പ്രൊജക്ട് ഏറ്റെടുത്ത് ഫണ്ട് ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 ഓഡിറ്റ് പരാമർശം- 50996/- രൂപ തിരിച്ചടവാക്കി.

മരാമത്ത് പ്രവൃത്തികലുടെ പരിശോധനയിൽ കണ്ടെത്തിയ ക്രമ പ്രകാരമല്ലാത്ത ചെലവുകൾ ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ തിരിച്ചടവാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രൊജക്ട് | ഓഡിറ്റ് പരാമർശം | ഓഡിറ്റ് എൻക്വയറി നമ്പർ | തിരിച്ചടവിന്റെ വിവരം |
|---|---|---|---|---|
| 1 | ചോക്കാട് ഗിരിജൻ കോളനി സ്കൂൾ മുറ്റം- കുട്ടികളുടെ പാർക്ക് പുനരുദ്ധാരണം (S0160/21) | ടെണ്ടർ കുറവ് (Below 11%) ചെയ്യാതെ മുഴുവൻ തുകയും കരാറുകാരന് നൽകി | 02/21.12.2021 | 16501/- (121070102384/ 28.12.2021) |
| 2 | പൂള ജലീൽ - പൂഴിമ്മൽ കുന്ന് റോഡ് കോൺഗ്രീറ്റ് (121/21) | മൺപ്രവൃത്തിക്ക് അധിക നിരക്ക് നൽകി - കോറിമക്ക് അധികം നൽകി | 01/21.12.2021 | 34495/- (12107102365/ 27.12.2021) |
| അധികം | | | | 50996/- |

എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും, മൂല്യ നിർണ്ണയം നടത്തുന്നതിലും, ബിൽ തയ്യാറാക്കുന്നതിലും കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

## 1-22 കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന് ഫൈൻ ഈടാക്കിയില്ല.നഷ്ടം 92227 രൂപ

കേരള പൊതു മരാമത്ത് മാന്വലിൽ- സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി അപേക്ഷിക്കേണ്ടതും, നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്.

കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന സാഹചര്യത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിന്മേൽ തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ, പ്രവൃത്തിയുടെ കരാറിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം ആദ്യത്തെ 3 മാസക്കാലയളവിന് PAC-യുടെ 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും പിഴ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

എന്നാൽ കരാറുകാരന്റെ വീഴ്ച്ച മൂലം കാരാർ കാലയളവിൽ പൂർത്തീകരിക്കാത്ത ചുവടെ ചേർത്തിട്ടുള്ള പ്രവർത്തികളിൽ പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം | പ്രവൃത്തിയുടെ വിവരം | പിഴ ഇനത്തിൽ ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|
| 1 | പ്രൊജക്ട്: ക്ലലിക്കുന്ന് മരക്കാർപ്പടി റോഡ് ടാറിംഗ് (208/21)<br>Agr.No: 61/AE/LSGD/CKD/2018-19/ 31.10.2018<br>TS: LSGD/TS/2018-19/46875/ 25.05.2018<br>M.Book No: 61/2019-20<br>PAC: 331800/-<br>Vr.No: 22/15.04.2020<br>സൈറ്റ് കൈമാറിയത്: 01.11.2018<br>പൂർത്തീകരിക്കേണ്ട തിയ്യതി: 30.06.2019<br>പൂർത്തീകരിച്ച തിയ്യതി: 27.02.2020<br>കരാറുകാരൻ: നൌഷാദലി കെ | 14231/-<br>[Ie, 01.07.19 To 30.09.19 (1%PAC)= 3318<br>01.10.19 To 31.12.2019 (2%PAC)= 6636<br>01.01.2020 To 27.02.2020 (2%PAC)= 4277] | 0 | 14231/- |
| 2 | പ്രൊജക്ട്: പൊട്ടിപരത റോഡ് ടാറിംഗ് (213/21)<br>Agr.No: 23/AE/LSGD/CKD/2018-19/ 19.09.2018<br>TS: LSGD/TS/2018-19/47586/ 25.05.2018<br>M.Book No: 101/20<br>PAC: 150000/-<br>Vr.No: 48/08.07.2020<br>സൈറ്റ് കൈമാറിയത്: 01.10.2018<br>പൂർത്തീകരിക്കേണ്ട തിയ്യതി: 31.05.2019<br>പൂർത്തീകരിച്ച തിയ്യതി: 20.03.2020<br>കരാറുകാരൻ: അജയ്കൃഷ്ണ | 8167/-<br>[Ie, 01.06.19 To 31.08.19 (1%PAC)= 1500<br>01.09.19 To 30.11.2019 (2%PAC)= 3000<br>01.12.2019 To 29.02.2020 (2%PAC)= 3000<br>01.03.2020 To 20.03.2020 (2%PAC)= 667] | 2988 | 5179 |
| 3 | പ്രൊജക്ട്: കണിയാംപൊട്ടി - അന്നമ്മപ്പടി ചേരിപ്പറമ്പൻ കുഞ്ഞാപ്പപ്പടി റോഡ് ടാറിംഗ് (296/21)<br>Agr.No: 28/AE/LSGD/CKD/2018-19/ 19.09.2018<br>TS: LSGD/TS/2018-19/47586/ 25.05.2018<br>M.Book No: 100/20<br>PAC: 272000/-<br>Vr.No: 65/29.09.2020<br>സൈറ്റ് കൈമാറിയത്: 08.10.2018<br>പൂർത്തീകരിക്കേണ്ട തിയ്യതി: 07.06.2019<br>പൂർത്തീകരിച്ച തിയ്യതി: 19.02.2020<br>കരാറുകാരൻ: അജയ്കൃഷ്ണ | 12633/-<br>[Ie, 08.06.19 To 07.09.19 (1%PAC)= 2720<br>08.09.19 To 07.12.2019 (2%PAC)= 5440<br>08.12.2019 To 19.02.2020 (2%PAC)= 4473] | 5426 | 7207 |

| | | | | |
|---|---|---|---|---|
| 4 | പ്രൊജക്റ്റ്: പൊട്ടോടത്തിയാൽ പൊട്ടി റോഡ് ടാറിംഗ് (297/21)<br>Agr.No: 22/AE/LSGD/CKD/2019-20/ 19.09.2018<br>TS: LSGD/TS/2018-19/46875/ 25.05.2018<br>M.Book No: 100/2019-20<br>PAC: 150000/-<br>Vr.No: 64/29.09.2020<br>സൈറ്റ് കൈമാറിയത്: 19.09.2018<br>പൂർത്തീകരിക്കേണ്ട തിയ്യതി: 31.03.2019<br>പൂർത്തീകരിച്ച തിയ്യതി: 24.01.2020<br>കരാറുകാരൻ: അജയ്കൃഷ്ണ | 8300/-<br>[Ie, 01.04.19 To 31.06.19 (1%PAC)= 1500<br>01.07.19 To 30.09.2019 (2%PAC)= 3000<br>01.10.19 To 31.12.19 (2%PAC)= 3000<br>01.01.20 To 24.01.20= 800 (24days) | 4472 | 3828 |
| 5 | പ്രൊജക്റ്റ്: മഞ്ഞപ്പെട്ടി കൊമ്പൻ കുഞ്ഞാണി റോഡ് ടാറിംഗ് (209/21)<br>Agr.No: 60/AE/LSGD/CKD/2018-19/ 31.10.2018<br>TS: LSGD/TS/2018-19/47150/ 31.07.2018<br>M.Book No: 60/2019-20<br>PAC: 200000/-<br>Vr.No: 23/15.04.2020<br>സൈറ്റ് കൈമാറിയത്: 01.11.2018<br>പൂർത്തീകരിക്കേണ്ട തിയ്യതി: 28.02.2019<br>പൂർത്തീകരിച്ച തിയ്യതി: 13.02.20<br>കരാറുകാരൻ: നൌഷാദ് അലി | 13333/-<br>[Ie, 01.03.19 To 31.05.19 (1%PAC)= 2000<br>01.06.19 To 31.08.2019 (2%PAC)= 4000<br>01.09.2019 To 30.11.19 (2%PAC)= 4000<br>01.12.19 To 13.02.20 (2%PAC For 75 Days) = 3333] | 0 | 13333 |
| 6 | പ്രൊജക്റ്റ്: ചെല്ലക്കൊടി എസ്.സി കോളനി ഭവന സുരക്ഷ(212/21)<br>Agr.No: 49/AE/LSGD/CKD/2018-19/ 23.10.2018<br>TS: LSGD/TS/2018-19/47272/ 31.07.2018<br>M.Book No: 49/2019-20<br>PAC: 325400/-<br>Vr.No: 03/01.05.2020<br>സൈറ്റ് കൈമാറിയത്: 01.11.2018<br>പൂർത്തീകരിക്കേണ്ട തിയ്യതി: 28.02.2019<br>പൂർത്തീകരിച്ച തിയ്യതി: 16.11.2019<br>കരാറുകാരൻ: K.M ജോസഫ് | 15330/-<br>[Ie, 01.03.19 To 31.05.19 (1%PAC)= 3254<br>01.06.19 To 31.08.2019 (2%PAC)= 6508<br>01.09.2019 To 16.11.19 (77 Days) (2%PAC)= 5568] | 3163 | 12167 |
| 7 | പ്രൊജക്റ്റ്: GUPS മാളിയേക്കൽ ടോയ്ലറ്റ് നിർമാണം 295/21<br>Agr.No: 89/AE/LSGD/CKD/17/17-18/28-3-18<br>TS:<br>M.Book No: 88/17-18, 81/18-19, 108/19-20<br>PAC: 666810 രൂപ<br>Vr.No:79/20-21/23-11-20 (Final Bill)<br>സൈറ്റ് കൈമാറിയത്: 28-3-18 | ആകെ 47714.00 രൂപ.<br>[28-9-18 1% 27-12-18 Of PAC= 6668.10 രൂപ<br>28-12-18 To 27-3-19 2% Of PAC= 13336.20 രൂപ<br>28-3-19 To 27-6-19 2% Of PAC= 13336.20 രൂപ<br>28-6-19 To 27-9-19 2% Of PAC= 13336.20 രൂപ | 11432 | 36282 |

| | | | | |
|---|---|---|---|---|
| | പൂർത്തീകരിക്കേണ്ട തിയ്യതി: 27-9-18<br>പൂർത്തീകരിച്ച തിയ്യതി: 4-10-19<br>കരാറുകാരൻ: ശ്രീ മുഹമ്മത് ബഷീർ PK | 28-9-19 To 4-10-19(7 Days) 2% Of PAC 13336.20 X7/90= 1037.26] | | |

പിഴ ഈടാക്കാതെ കരാറുകർക്ക് ഫൈനൽ ബിൽ അനുവദിച്ച് നൽകിയത് ക്രമ പ്രകാരമല്ല. കൂടാതെ മേൽ പ്രവർത്തികൾ കരാർ പ്രകാരം കൊറോണ മൂലമുള്ള ലോക്ഡൌണിന് മുൻപ് പൂർത്തീകരിക്കേണ്ടതിനാൽ GO(Ms)No. 1444/2021/LSGD/Dated 31/07/2021 ഉത്തരവ് പ്രകാരമുള്ള ഇളവിന് അർഹതയില്ല. ആയതിനാൽ തുക (ആകെ 92227 രൂപ) ഉത്തരവാദിയായ വ്യക്തികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 3/21.12.21, 5/27.12.21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-23 ഒബ്സേർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത- 34050/- രൂപയുടെ അധികച്ചെലവ്.

ഒബ്സേർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിലെ അപാകത മൂലം 33170/- രൂപയുടെ അധികച്ചെലവുണ്ടായി. വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ഷീറ്റ് റൂഫിങ് പ്രവൃത്തി ചെയ്യതിന് 0.35 Mm GI/അലൂമിനിയം പ്രൊഫൈൽ ഷീറ്റിന് DSR പ്രകാരമുള്ള നിരക്ക് ഇല്ലാത്തതിനാൽ ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കി എസ്റ്റിമേറ്റിൽ ഉൾപെടുത്തി ആയത് പ്രകാരമുള്ള നിരക്ക് മൂല്യ നിർണ്ണയം നടത്തിയതിലാണ് അപാകത. തെറ്റായ Observed Data തയ്യാറാക്കി മൂല്യ നിർണ്ണയം നടത്തിയത് മൂലമുള്ള അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രന | പ്രവൃത്തിയുടെ വിവരം | ഉപയോഗിച്ച ഷീറ്റിന്റെ അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | പ്രൊജക്ട്: പരുത്തിപ്പറ്റ അങ്കണവാടി നവീകരണം (159/21)<br>TS No: 94660/2020-21<br>Agri.No: 75/AE/LSGD/CKD/2020-21 /23.02.2021<br>M.Book No: 23/20-21<br>ചെലവ്: 244940<br>Vr.No: 132/30.03.2021<br>Cost Index: 31.06%<br>കരാറുകാരൻ: സൈഫുള്ള കെ.എച്ച് | 84.96 $M^2$<br>(Esti. Item No.3) | 65388/-<br>(687.18@/$m^2$ + 12% GST) | 45766/-<br>(480.96@/$m^2$ + 12% GST) | 19622/- |
| 2 | പ്രൊജക്ട്: പെടയന്താൾ സ്കൂൾ നവീകരണം (251/20)<br>TS No: 2019-20/7162/15.01.2020<br>Agri.No: 105/AE/LSGD/CKD/19-20 /03.03.2020<br>M.Book No: 105/2019-20<br>ചെലവ്: 99923<br>Vr.No: 08/15.04.2021<br>Cost Index: 31.06%<br>കരാറുകാരൻ: സൈഫുള്ള കെ.എച്ച് | 26.46 $M^2$<br>(Esti. Item No.6) | 20365/-<br>(687.18@/$m^2$ + 12% GST) | 14253/-<br>(480.96@/$m^2$ + 12% GST) | 6112/- |
| 3 | പ്രൊജക്ട്: ഗിരിജൻ കോളനി അങ്കണവാടി നവീകരണം (181/21)<br>TS No: 97181/ 2020-21<br>Agri.No: 87/AE/LSGD/CKD/20-21<br>M.Book No: 31/20-21<br>ചെലവ്: 80050 | $36m^2$<br>(Esti. Item No.4) | 27707/-<br>(656.74@/$m^2$ + 12% GST) | 19391/-<br>(480.96@/$m^2$ + 12% GST) | 8316/- |

| | | | | | |
|---|---|---|---|---|---|
| | Vr.No: 57345/31.03.2021<br>Cost Index: 31.06%<br>കരാറുകാരൻ: അജയ് കൃഷ്ണ | | | | |

(വിശദാംശങ്ങൾ ഖണ്ഡിക 3-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്)

## 1-24 റിടെൻഷൻ തുക രണ്ട് തവണ കരാറുകാരന് നൽകി; 23751 രൂപയുടെ അധികച്ചെലവ്.

പ്രവൃത്തി: GUPS മാളിയേക്കൽ ടോയ്ലറ്റ് നിർമാണം 238/19,295/21

അടങ്കൽ: 750000 രൂപ (വികസനഫണ്ട്- ജനറൽ)

കരാറുകാരൻ: ശ്രീ മുഹമ്മത് ബഷീർ PK

കരാർ: 89/AE/LSGD/CKD/17/17-18/28-3-18

അളവ് പുസ്തകം: 88/17-18, 81/18-19, 108/19-20

ചെലവ്: 571553രൂപ

മേൽ പ്രവൃത്തിക്ക് മൂന്ന് ബില്ലുകളായിട്ടാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ അവസാന ബിൽ തുക കണക്കാക്കിയപ്പോൾ, മൊത്തം മൂല്യനിർണ്ണയത്തിൽ നിന്നും (571553 രൂപ) റിടെൻഷൻ തുക (23751 രൂപ) ഒഴികെയുള്ള പാർട്ട് ബിൽ തുക മാത്രം കുറവ് ചെയ്യുകയും റിടെൻഷൻ തുക വീണ്ടും ട്രഷറിയിൽ നിന്ന് പിൻവലിക്കുകയും ചെയ്തത് വഴിയാണ് അധികച്ചെലവ് വന്നിട്ടുള്ളത്. വിശദാംശം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| ആകെ മൂല്യനിർണ്ണയം | | 571553 രൂപ |
| ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക | | 595304 രൂപ |
| ട്രഷറി ബിൽ നംപർ | തുക | (595304-571553) |
| 88/18-19/29-1-19 | 213763 | |
| 9/19-20/26-4-19 | 218643 | |
| 49/20-21/18-8-20 | 139147 | |
| 79/20-21/23-11-20 | 23751 | |
| | അധികം | 23751 രൂപ |

കരാറുകാരന് അധികം നൽകിയ 23751 രൂപ ഈടാക്കി അറിയിക്കേണ്ടതാണ്(ഖണ്ഡിക 3-2 കാണുക)

## 1-25 ഉദരംപൊയിൽ സ്കൂൾ മേൽക്കൂര പുനരുദ്ധാരണം- തെറ്റായ നിരക്ക് നൽകിയത് മൂലം 22288/- രൂപയുടെ അധിക ചെലവ്.

| | |
|---|---|
| പ്രൊജക്ട് | ഉദരംപൊയിൽ സ്കൂൾ മേൽക്കൂര പുനരുദ്ധാരണം (267/21) |
| കരാർ | 37/AE/LSGD/CKD/2019-20/10.12.2019 |
| ടി എസ് | LSGD/TS/2019-20/90142/23.09.23019 (Cost Index: 31.06%) |
| എം ബുക്ക് | 39/2019-20 |
| അടങ്കൽ/ ചെലവ് | 300000/299890 |
| വൗച്ചർ | 16/20-21/15.04.2020 |
| കരാറുകാരൻ | ശ്രീ. സുബ്രമണ്യൻ |

മേൽ പ്രൊജക്ട് പ്രകാരം കാലപ്പഴക്കം കൊണ്ട് ദ്രവിച്ച സ്കൂളിന്റെ മേൽക്കൂരയുടെ മരത്തിന്റെ പട്ടികകൾ (Reaper) മാറ്റി നിലവിലുള്ള മരത്തിന്റെ റാഫ്റ്ററിന്മേൽ GI (RHS) പൈപ്പിന്റെ പട്ടികകൾ (Reaper) സ്ഥാപിച്ച് ഓട് പൊളിച്ചുമേയുന്ന പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത്. ആയതിൽ ഇനം രണ്ട് പ്രവൃത്തിക്ക് DSR 10.16.1 പ്രകാരം ട്രസ് വർക്കിന് നൽകാവുന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ഇനത്തിന് (ഇനം 2) പർലിന്/ സിംഗിൾ സെക്ഷൻ വർക്കിന് അപ്രൂവ്ഡ് ഒബ്സേർവ്ഡ് ഡാറ്റ പ്രകാരമുള്ള 50.10.2 നിരക്കിനാണ് അർഹതയുള്ളത്.

29.12.2021 ന് പഞ്ചായത്തിലെ സാങ്കേതിക വിഭാഗത്തിന്റെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിലും, അളവ് പുസ്തകം പരിശോധിച്ചതിലും പ്രസ്തുത പ്രവൃത്തിയിലെ ഇനം രണ്ട് പർലിന്/ സിംഗിൾ സെക്ഷൻ വർക്ക് ആണെന്ന് ബോധ്യപ്പെടുകയും ആയത് പഞ്ചായത്തിലെ സാങ്കേതിക വിഭാഗം സാക്ഷ്യപ്പെടുത്തി നൽകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ, ഇപ്രകാരം അധിക നിരക്ക് അനുവദിച്ചതു മൂലം ഈ പ്രവൃത്തിയിൽ താഴെ പറയും പ്രകാരം

രൂപയുടെ അധികച്ചലവ് ഉണ്ടായിട്ടുണ്ട്.

| ഇനം രണ്ട് പ്രവൃത്തിക്ക് നൽകിയ തുക(DSR 10.16.1) | ഇനം രണ്ട് പ്രവൃത്തിക്ക് നൽകാവുന്ന തുക (AOD 50.10.2) | അധികം |
|---|---|---|
| 231250/-<br>[1745.63 Kg* 118.28+ (12%gst)] | 208962/-<br>[1745.63 Kg* 106.88+ (12%gst)] | 22288/-<br>[231250-205962] |

അധികം നൽകിയ തുക ഉത്തരവാദിയായ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടതാണ്. സൈറ്റ് പരിശോധന റിപ്പോർട്ടിന് (1/29.12.2021) ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. (ഖണ്ഡിക 3-3 കൂടി കാണുക)

## 1-26 ക്ലാരിപൊയിൽ സ്കൂൾ മതിൽ നിർമാണം- തെറ്റായ മൂല്യ നിർണ്ണയം മൂലം 27534/- രൂപയുടെ അധിക ചെലവ്.

| | |
|---|---|
| പ്രൊജക്ട് | ക്ലാരിപൊയിൽ സ്കൂൾ മതിൽ നിർമാണം (304/21) |
| കരാർ | 74/AE/LSGD/CKD/2019-20/16.12.2019 |
| ടി എസ് | LSGD/TS/2019-20/90133/23.09.23019 |
| എം ബുക്ക് | 05/2020-21 |
| അടങ്കൽ/ ചെലവ് | 200000/197719 |
| വൗച്ചർ | 60/20-21/26.08.2020 |
| കരാറുകാരൻ | ശ്രീ. ജോസഫ് |

മേൽ പ്രൊജക്ട് പ്രകാരം സ്കൂളിന് ചുറ്റു മതിൽ നിർമ്മിക്കുന്നതാണ് പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത്. പ്രവൃത്തിയുടെ ഇനം 3 ആയി 39.38 മീ നീളത്തിൽ 50 സെ.മി ഉയരവും, 50 സെ.മി വീതിയും RR മേസ്സ്നറി ചെയ്തതായി (9.84 M3) മൂല്യ നിർണ്ണയം നടത്തി തുക അനുവദിച്ചിട്ടുണ്ട്.

29.12.2021 ന് പഞ്ചായത്തിലെ സാങ്കേതിക വിഭാഗത്തിന്റെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധന നടത്തിയതിൽ RR മേസ്സ്നറിയുടെ ഉയരം വ്യത്യാസമുള്ളതായി കാണുകയും, ഓഡിറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക വിഭാഗം അളവെടുത്ത് RR മേസ്സ്നറി 5.114m3 ആണെന്ന് ചെയ്തിട്ടുള്ളത് എന്ന് സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. തെറ്റായ മൂല്യ നിർണ്ണയം മൂലം ഉണ്ടായ അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| RR മേസ്സ്നറിക്ക് നൽകിയ തുക | RR മേസ്സ്നറിക്ക് നൽകാവുന്ന തുക | അധികം |
|---|---|---|
| 57305/-<br>[9.844 M3* 5197.64+ (12%gst)] | 29771/-<br>[5.114 M3* 5197.64+ (12%gst)] | 27534/-<br>[57305-29771] |

അധികം നൽകിയ തുക ഉത്തരവാദിയായ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടതാണ്. സൈറ്റ് പരിശോധന റിപ്പോർട്ടിന് (1/29.12.2021) ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. (ഖണ്ഡിക 3-4 കാണുക)

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ഒബ്സേർവ്ഡ് ഡാറ്റ – നിരക്ക് കണക്കാക്കിയതിൽ അപാകത- 34050/- രൂപയുടെ അധികച്ചെലവ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

വിവിധ മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി ഷീറ്റ് റൂഫിങ് പ്രവൃത്തി ചെയ്യുന്നതിന് 0.35 Mm GI/അലൂമിനിയം പ്രൊഫൈൽ

ഷീറ്റിന് DSR പ്രകാരമുള്ള നിരക്ക് ഇല്ലാത്തതിനാൽ ഒബ്സേർവ്ഡ് ഡാറ്റ ഡാറ്റ തയ്യാറാക്കി എസ്റ്റിമേറ്റിൽ ഉൾപെടുത്തി ആയത് പ്രകാരമുള്ള നിരക്ക് മൂല്യ നിർണ്ണയം നടത്തുകയാണ് ചെയ്തിട്ടുള്ളത്. റൂഫിംഗിനായി തയ്യാറാക്കിയ ഒബ്സേർവ്ഡ് ഡാറ്റയിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ ഉണ്ട്.

കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് DSR പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്. DSR-ൽ അനുയോജ്യമായ ഡാറ്റ ഇല്ലാതിരിക്കുമ്പോഴാണ്ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടത്. ഷീറ്റ് റൂഫിംഗ് പ്രവൃത്തികൾക്ക് DSR പ്രകാരം 0.50mm കനം മുതലുള്ള ഷീറ്റ് റൂഫിംഗിന് മാത്രമെ നിരക്ക് കണക്കാക്കിയിട്ടുള്ളൂ. അതിനാലാണ് കുറവ് കനമുള്ള 0.35 Mm ഷീറ്റ് പ്രവൃത്തിക്ക് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കേണ്ടി വന്നിട്ടുള്ളത്. 0.50 Mm കനമുള്ള ഷീറ്റ് റൂഫിംഗിന് ആവശ്യമായ ഡാറ്റയിൽ നിന്നും 0.35 Mm കനമുള്ള ഷീറ്റ് റൂഫിംഗിനുള്ള ഡാറ്റയിൽ, ഇവിടെ ഉപയോഗിക്കുന്ന ഷീറ്റിന്റെ കനത്തിൽ മാത്രമെ മാറ്റം വരുന്നുള്ളൂ. ആയതിനാൽ ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കുമ്പോൾ പ്രസ്തുത ഷീറ്റിന്റെ വില മാത്രമെ മാർക്കറ്റ് നിരക്കിൽ കണക്കാക്കേണ്ടതുള്ളൂ. മേയുന്നതിനുള്ള കൂലി ഉൾപ്പെടെ മറ്റെല്ലാ ഇനങ്ങളും DSR ഇനം പ്രകാരമുള്ള നിരക്കിൽ തന്നെയാണ് നൽകേണ്ടത്.

എന്നാൽ പഞ്ചായത്തിൽ ഉപയോഗിച്ച Obderved Data യിൽ സാധനങ്ങൾ, ലേബർ എന്നിവക്ക് DSR നിരക്കിനേക്കാൾ കൂടിയ നിരക്കും, കൂടിയ എണ്ണവുമാണ് നൽകിയിട്ടുള്ളത്. 0.35 Mm ഷീറ്റ് പ്രവൃത്തിക്ക് DSR ഇനം 12.50 മായി താരതമ്യം ചെയ്തതിൽ മേൽ പ്രവർത്തിക്ക് അനുവദിക്കാവുന്ന നിരക്ക് ചുവടെ ചേർക്കുന്നു. [പഞ്ചായത്തിൽ ഉപയോഗിച്ച Obderved Data യിൽ നൽകിയ ഷീറ്റ് വില തന്നെയാണ് പരിഗണിച്ചിട്ടുള്ളത്].

| Code | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| MR | GI Aluminium Powder Coated Profile Sheet 0.35mm | Sqm | 233.650 | 300.00 | 70095.00 |
| 1023 | Galvanized Steel J Or L Hooks 8 Mm Dia | 10 Nos | 476.000 | 115.00 | 5474.00 |
| 1208 | Bitumen Washer | 100 Nos | 476.000 | 30.00 | 142.80 |
| 1209 | GI Plain Washer Thick | 100 Nos | 476.000 | 35.00 | 166.00 |
| 9977 | Carriage Of Bolts,nuts,washers | LS | 8.0600 | 1.73 | 13.94 |
| 9977 | Carriage Of Sheets | LS | 104.00 | 1.73 | 179.92 |
| 9999 | Sundreis Labour | LS | 39.5200 | 1.73 | 68.37 |
| 0130 | Mistry | Day | 2.34 | 487.00 | 1139.58 |
| 0112 | Carpenter 2nd Class | Day | 9.34 | 448.00 | 4184.32 |
| 0114 | Beldar | Day | 9.34 | 368.00 | 3437.12 |
| Total | | | | | 84901.05 |
| Cost For 216.14sqm | | | | | 84901.05 |
| Cost For 1 Sqm | | | | | 392.81 |
| Add Water Charge1% | | | | | 3.92 |
| Total | | | | | 396.73 |
| Add CPOH 15% | | | | | 59.51 |
| Cost Index 31.06% (Excluding MR) | | | | | 24.71 |
| Total | | | | | 480.96 |

മേൽ പ്രവൃത്തിക്ക് തെറ്റായ Observed Data തയ്യാറാക്കി മൂല്യ നിർണ്ണയം നടത്തിയത് മൂലമുള്ള അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ | പ്രവൃത്തിയുടെ വിവരം | ഉപയോഗിച്ച ഷീറ്റിന്റെ അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| 1 | പ്രൊജക്ട്: പരുത്തിപ്പറ്റ അങ്കണവാടി നവീകരണം (159/21)<br>TS No: 94660/2020-21<br>Agri.No: 75/AE/LSGD/CKD/2020-21 /23.02.2021<br>M.Book No: 23/20-21<br>ചെലവ്: 244940 | 84.96 $M^2$<br>(Esti. Item No.3) | 65388/-<br>(687.18@/$m^2$ + 12% GST) | 45766/-<br>(480.96@/$m^2$ + 12% GST) | 19622/- |

| | | | | | |
|---|---|---|---|---|---|
| | Vr.No: 132/30.03.2021<br>Cost Index: 31.06%<br>കരാറുകാരൻ: സൈഫുള്ള കെ.എച്ച് | | | | |
| 2 | പ്രൊജക്ട്: പെടയന്താൾ സ്കൂൾ നവീകരണം (251/20)<br>TS No: 2019-20/7162/15.01.2020<br>Agri.No: 105/AE/LSGD/CKD/19-20/03.03.2020<br>M.Book No: 105/2019-20<br>ചെലവ്: 99923<br>Vr.No: 08/15.03.2021<br>Cost Index: 31.06%<br>കരാറുകാരൻ: സൈഫുള്ള കെ.എച്ച് | 26.46 $M^2$<br>(Esti. Item No.6) | 20365/-<br>(687.18@/$m^2$ + 12% GST) | 14253/-<br>(480.96@/$m^2$ + 12% GST) | 6112/- |
| 3 | പ്രൊജക്ട്: ഗിരിജൻ കോളനി അങ്കണവാടി നവീകരണം (181/21)<br>TS No: 97181/ 2020-21<br>Agri.No: 87/AE/LSGD/CKD/20-21<br>M.Book No: 31/20-21<br>ചെലവ്: 80050<br>Vr.No: 57345/31.03.2021<br>Cost Index: 31.06%<br>കരാറുകാരൻ: അജയ് കൃഷ്ണ | $36m^2$<br>(Esti. Item No.4) | 27707/-<br>(656.74@/$m^2$ + 12% GST) | 19391/-<br>(480.96@/$m^2$ + 12% GST) | 8316/- |

കരാറുകാർക്ക് അധികം നൽകിയ 34050/- രൂപ തിരിച്ച് ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എൻജിനീയർ, ടി.എസ് നൽകിയ അസി. എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവരുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

[മേൽ അപാകത ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/27.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല]

## 3-2 റിടെൻഷൻ തുക രണ്ട് തവണ കരാറുകാരന് നൽകി; 23751 രൂപയുടെ അധികച്ചെലവ്.

പ്രവൃത്തി: GUPS മാളിയേക്കൽ ടോയ്ലറ്റ് നിർമാണം 238/19,295/21

അടങ്കൽ: 750000 രൂപ (വികസനഫണ്ട്- ജനറൽ)

കരാറുകാരൻ: ശ്രീ മുഹമ്മത് ബഷീർ PK

കരാർ: 89/AE/LSGD/CKD/17/17-18/28-3-18

അളവ് പുസ്തകം: 88/17-18, 81/18-19, 108/19-20

ചെലവ്: 571553രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

മേൽ പ്രവൃത്തിക്ക് മൂന്ന് ബില്ലുകളായിട്ടാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ അവസാന ബിൽ തുക കണക്കാക്കിയപ്പോൾ, മൊത്തം മൂല്യനിർണ്ണയത്തിൽ നിന്നും (571553 രൂപ) റിടെൻഷൻ തുക (23751 രൂപ) ഒഴികെയുള്ള പാർട്ട് ബിൽ തുക മാത്രം കുറവ് ചെയ്യുകയും റിടെൻഷൻ തുക വീണ്ടും ട്രഷറിയിൽ നിന്ന് പിൻവലിക്കുകയും ചെയ്തത് വഴിയാണ് അധികച്ചെലവ് വന്നിട്ടുള്ളത്. വിശദാംശം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| ആകെ മൂല്യനിർണ്ണയം | | 571553 രൂപ |
| ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക | | 595304 രൂപ |
| ട്രഷറി ബിൽ നംപർ | തുക | (595304-571553) |
| 88/18-19/29-1-19 | 213763 | |

| | | |
|---|---|---|
| 9/19-20/26-4-19 | 218643 | |
| 49/20-21/18-8-20 | 139147 | |
| 79/20-21/23-11-20 | 23751 | |
| | അധികം | 23751 രൂപ |

കരാറുകാരന് അധികം നൽകിയ 23751 രൂപ ഉത്തരവാദിയായ അസി. എൻജിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

[ഓഡിറ്റ് എൻക്വയറി (1/19-20)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല]

## 3-3 ഉദരംപൊയിൽ സ്കൂൾ മേൽക്കൂര പുനരുദ്ധാരണം- തെറ്റായ നിരക്ക് നൽകിയത് മൂലം 22288/- രൂപയുടെ അധിക ചെലവ്.

| | |
|---|---|
| പ്രൊജക്ട് | ഉദരംപൊയിൽ സ്കൂൾ മേൽക്കുര പുനരുദ്ധാരണം (267/21) |
| കരാർ | 37/AE/LSGD/CKD/2019-20/10.12.2019 |
| ടി എസ് | LSGD/TS/2019-20/90142/23.09.23019 |
| എം ബുക്ക് | 39/2019-20 |
| അടങ്കൽ/ ചെലവ് | 300000/299890 MG (Non Road) |
| വൗച്ചർ | 16/20-21/15.04.2020 |
| കരാറുകാരൻ | ശ്രീ. സുബ്രമണ്യൻ |

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ
മേൽ പ്രൊജക്ട് പ്രകാരം കാലപ്പഴക്കം കൊണ്ട് ദ്രവിച്ച സ്കൂളിന്റെ മേൽക്കൂരയുടെ മരത്തിന്റെ പട്ടികകൾ (Reaper) മാറ്റി നിലവിലുള്ള മരത്തിന്റെ റാഫ്റ്ററിമേൽ GI (RHS) പൈപ്പിന്റെ പട്ടികകൾ (Reaper) സ്ഥാപിച്ച് ഓട് പൊളിച്ചുമേയുന്ന പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത്. ആയതിൽ ഇനം രണ്ട് പ്രവൃത്തിക്ക് DSR 10.16.1 പ്രകാരം ട്രസ് വർക്കിന് നൽകാവുന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ഇനത്തിന് (ഇനം 2) പർലിന്/ സിംഗിൾ സെക്ഷൻ വർക്കിന് അപ്രൂവ്ഡ് ഒബ്സേർവ്ഡ് ഡാറ്റ പ്രകാരമുള്ള 50.10.2 നിരക്കിനാണ് അർഹതയുള്ളത്.

29.12.2021 ന് പഞ്ചായത്തിലെ സാങ്കേതിക വിഭാഗത്തിന്റെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിലും, അളവ് പുസ്തകം പരിശോധിച്ചതിലും പ്രസ്തുത പ്രവൃത്തിയിലെ ഇനം രണ്ട് പർലിന്/ സിംഗിൾ സെക്ഷൻ വർക്ക് ആണെന്ന് ബോധ്യപ്പെടുകയും ആയത്പഞ്ചായത്തിലെ സാങ്കേതിക വിഭാഗം സാക്ഷ്യപ്പെടുത്തി നൽകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ, ഇപ്രകാരം അധിക നിരക്ക് അനുവദിച്ചു മൂലം ഈ പ്രവൃത്തിയിൽ താഴെ പറയും പ്രകാരം രൂപയുടെ അധികച്ചലവ് ഉണ്ടായിട്ടുണ്ട്.

| ഇനം രണ്ട് പ്രവൃത്തിക്ക് നൽകിയ തുക(DSR 10.16.1) | ഇനം രണ്ട് പ്രവൃത്തിക്ക് നൽകാവുന്ന തുക (AOD 50.10.2) | അധികം |
|---|---|---|
| 231250/-<br>[1745.63 Kg* 118.28+ (12%gst)] | 208962/-<br>[1745.63 Kg* 106.88+ (12%gst)] | 22288/-<br>[231250-205962] |

സൈറ്റ് പരിശോധന റിപ്പോർട്ടിന് (1/29.12.2021) ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. തുക ഈടാക്കാത്തപക്ഷം ആയത് അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർമെന്റ് നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ തുല്യ ബാധ്യതയായി കണക്കാക്കുന്നു.

## 3-4 ക്ലാരിപൊയിൽ സ്കൂൾ മതിൽ നിർമാണം- തെറ്റായ മൂല്യ നിർണ്ണയം മൂലം 27535/- രൂപയുടെ അധിക ചെലവ്.

| | |
|---|---|
| പ്രൊജക്ട് | ക്ലാരിപൊയിൽ സ്കൂൾ മതിൽ നിർമാണം (304/21) |
| കരാർ | 74/AE/LSGD/CKD/2019-20/16.12.2019 |
| ടി എസ് | LSGD/TS/2019-20/90133/23.09.23019 |
| എം ബുക്ക് | 05/2020-21 |
| അടങ്കൽ/ ചെലവ് | 200000/197719 MG (Non Road) |
| വൗച്ചർ | 60/20-21/26.08.2020 |

| | |
|---|---|
| കരാറുകാരൻ | ശ്രീ. ജോസഫ് |

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

മേൽ പ്രൊജക്ട് പ്രകാരം സ്കൂളിന് ചുറ്റു മതിൽ നിർമ്മിക്കുന്നതാണ് പ്രവൃത്തിയാണ് ചെയ്തിട്ടുള്ളത്. പ്രവൃത്തിയുടെ ഇനം 3 ആയി 39.38 മീ നീളത്തിൽ 50 സെ.മി ഉയരവും, 50 സെ.മി വീതിയും RR മേഴ്സനറി ചെയ്തതായി (9.84 M3) മൂല്യ നിർണ്ണയം നടത്തി തുക അനുവദിച്ചിട്ടുണ്ട്.

29.12.2021 ന് പഞ്ചായത്തിലെ സാങ്കേതിക വിഭാഗത്തിന്റെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധന നടത്തിയതിൽ RR മേഴ്സനറിയുടെ ഉയരം വ്യത്യാസമുള്ളതായി കാണുകയും, ഓഡിറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക വിഭാഗം അളവെടുത്ത് RR മേഴ്സനറി 5.114m3 ആണെന്ന് ചെയ്തിട്ടുള്ളത് എന്ന് സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. തെറ്റായ മൂല്യ നിർണ്ണയം മൂലം ഉണ്ടായ അധിക ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| RR മേഴ്സനറിക്ക് നൽകിയ തുക | RR മേഴ്സനറിക്ക് നൽകാവുന്ന തുക | അധികം |
|---|---|---|
| 57305/-<br>[9.844 M3* 5197.64+ (12%gst)] | 29771/-<br>[5.114 M3* 5197.64+ (12%gst)] | 27534/-<br>[57305-29771] |

അധികം നൽകിയ തുക ഉത്തരവാദിയായ വ്യക്തിയിൽ നിന്നും ഈടാക്കേണ്ടതാണ്. സൈറ്റ് പരിശോധന റിപ്പോർട്ടിന് (1/29.12.2021) ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 28.12.2021 മുതൽ 29.12.2021 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 575000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – (106/21) | 575000 | 0 |
| ജില്ലാ പഞ്ചായത്ത് | 523850 | ലൈഫ് ഭവന പദ്ധതി – എസ്.സി (21/21) | 523850 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

### 4-5 വായ്പ /വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | GO(MS)68/2018 | 3653869 | 16199833 | 1250000 | 0 | 18603702 |

| | | | | | | |
|---|---|---|---|---|---|---|
| ഭവന പദ്ധതി (HUDCO) | /LSGD/ 18.05.18 | | | | | |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 1,500/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2018-19 | 1-17 | 1500 | അസിസ്റ്റന്റ് എഞ്ചിനീയർ, ചോക്കാട് ഗ്രാമ പഞ്ചായത്ത് | 120070101366 തി.13.01.2021 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം.

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 117463387.40 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 90943366.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 107623 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 0 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 17025 | അജിത, അസിസ്റ്റന്റ് എഞ്ചിനീയർ. |
| | | 17025 | സുമേഷ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. |
| 3-2 | | 23751 | താജുന്നീസ ബീവി.എം, അസിസ്റ്റന്റ് എഞ്ചിനീയർ. |
| 3-3 | | 11144 | താജുന്നീസ ബീവി.എം, അസിസ്റ്റന്റ് എഞ്ചിനീയർ. |
| | | 11144 | സുമേഷ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. |
| 3-4 | | 27534 | താജുന്നീസ ബീവി.എം, അസിസ്റ്റന്റ് എഞ്ചിനീയർ. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

ഇല്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. അജിത, അസിസ്റ്റന്റ് എഞ്ചിനീയർ. | അസിസ്റ്റന്റ് എഞ്ചിനീയർ, പാമ്പാടി ഗ്രാമപഞ്ചായത്ത്, കോട്ടയം. | കുന്നേൽ വീട്, ചിങ്ങവനം (പി.ഒ), കോട്ടയം-686531 |
| ശ്രീമതി. താജുന്നീസ ബീവി.എം, അസിസ്റ്റന്റ് എഞ്ചിനീയർ. | അസിസ്റ്റന്റ് എഞ്ചിനീയർ, ആറ്റിങ്ങൽ മുനിസിപ്പാലിറ്റി, തിരുവനന്തപുരം. | അറഫ മൻസിൽ, കടവൂർ (പി.ഒ), അലിയാർകോണം, തിരുവനന്തപുരം-695036 |
| ശ്രീ. സുമേഷ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് | രമ നിവാസ്, TC 16/1601, ജഗതി, തൈക്കാട് (പി.ഒ), തിരുവനന്തപുരം-695014 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 2001-02 | കെ.എസ്.എ.എം.പി.എം.26/962/18 തി.23.05.18 | 1 |
| 2002-03 | കെ.എസ്.എ.എം.പി.എം.26/962/18 തി.23.05.18 | 8 |
| 2003-04 | കെ.എസ്.എ.എം.പി.എം.26/962/18 തി.23.05.18 | 14 |
| 2004-05 | കെ.എസ്.എ.എം.പി.എം.26/962/18 തി.23.05.18 | 20 |
| 2005-06 | കെ.എസ്.എ.എം.പി.എം.26/562/18 തി.11.10.19 | 7 |
| 2006-07 | കെ.എസ്.എ.എം.പി.എം.26/562/18 തി.11.10.19 | 10 |
| 2007-08 | കെ.എസ്.എ.എം.പി.എം.26/562/18 തി.11.10.19 | 11 |
| 2008-09 | കെ.എസ്.എ.എം.പി.എം.26/562/18 തി.11.10.19 | 4 |
| 2009-10 | കെ.എസ്.എ.എം.പി.എം.26/562/18 തി.11.10.19 | 17 |
| 2010-11 | എൽ.എഫ്.എം.6/916/2012 തി.13.07.2012 | 23 |
| 2011-12 & 2012-13 | കെ.എസ്.എ.എം.പി.എം.6/1526/15 തി.16.02.2016 | 23 |
| 2013-14 & 2014-15 | കെ.എസ്.എ.എം.പി.എം.26/2111/16 തി.04.03.17 | 8 |
| 2015-16 | കെ.എസ്.എ.എം.പി.എം.26/3448/16 തി.19.04.18 | 16 |
| 2016-17 | കെ.എസ്.എ.എം.പി.എം.26/1948/17 തി.07.05.18 | 20 |
| 2017-18 | കെ.എസ്.എ.എം.പി.എം.26/47/19 തി.31.08.19 | 17 |
| 2018-19 | കെ.എസ്.എ.എം.പി.എം.26/210/20 തി.03.11.20 | 16 |
| 2019-20 | കെ.എസ്.എ.എം.പി.എം.26/ / തി. | 0 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്